# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 11.06.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 586

**ദുർബല ജനവിഭാഗത്തിൽപ്പെട്ടവർക്ക് ഭവനപദ്ധതികൾ പ്രകാരം അനുവദിച്ച കുടിശ്ശിക**

**ചോദ്യം**

ശ്രീ. എം. എ. ബേബി:

(എ) സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന താഴ്ന്ന വരുമാനക്കാർ, പട്ടികജാതി/പട്ടിക വർഗ്ഗക്കാർ തുടങ്ങിയ ദുർബല ജനവിഭാഗത്തിൽപ്പെട്ടവർക്ക് വിവിധ ഭവനപദ്ധതികൾ പ്രകാരം അനുവദിച്ച വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്നതിനും ആനുകൂല്യങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

**ഉത്തരം**

ശ്രീ. കെ. എം. മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും
വകുപ്പു മന്ത്രി)

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിൽ 1977 മുതൽ 1997 വരെ നടപ്പിലാക്കിയിട്ടുള്ള താഴെപ്പറയുന്ന വായ്പാ പദ്ധതികൾ പ്രകാരം ദുർബല വിഭാഗത്തിലെ എല്ലാ വായ്പക്കാർക്കും,പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പ്പെട്ടവർ ഉൾപ്പെടെയുള്ളവരുടെയും വായ്പാ കുടിശ്ശിക 20.05.2009 -ലെ സ.ഉ. (എം.എസ്) നം. 21/2009/ഭവനം നമ്പർ ഉത്തരവു പ്രകാരം എഴുതിത്തള്ളിയിട്ടുണ്ട്. അപ്രകാരം 96 കോടി രൂപ എഴുതിത്തള്ളിയിട്ടുണ്ട്.

a) EWS അർബൻ.
b) കുടികിടപ്പുകാർക്കുള്ള ഭവന പദ്ധതി.
c) ഹഡ്കോ 80 പദ്ധതി.
d) സന്നദ്ധ സംഘടനകളുടെ സഹായത്തോടെ നടപ്പിലാക്കിയ പദ്ധതി.
e) 1984- ലെ പ്രളയ ദുരിതാശ്വാസ പദ്ധതി.
f) പുനരധിവാസ ഭവന നിർമ്മാണ പദ്ധതി 3- ഉം 4 ഉം ഘട്ടങ്ങൾ.
g) രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി. (1992-95)
h) കൈരളി ഭവന നിർമ്മാണ പദ്ധതി.
I) GIC ഭവന പദ്ധതി.
j) ബീഡി തൊഴിലാളികൾക്കുള്ള ഭവന പദ്ധതി. (1990)
k) കൈത്തറി നെയ്ത്ത് തൊഴിലാളികൾക്കുള്ള പദ്ധതി. (1991)

l) കേരള ചെത്ത് തൊഴിലാളി ക്ഷേമ പദ്ധതി.
m) രാജീവ് ദശലക്ഷ ഹൗസിംഗ് കോംപ്ലക്സ് പാർപ്പിട പദ്ധതി. (1991/92)
n) അറ്റകുറ്റപ്പണികൾ തീർത്ത് വീട് വാസയോഗ്യമാക്കുന്ന പദ്ധതി. (1987-96)
o) കളക്ടർ മുഖേന നടപ്പിലാക്കിയ പ്രളയ ദുരിതാശ്വാസ പദ്ധതി.

കൂടാതെ 08.11.2011- ലെ സ.ഉ. (എം.എസ്) നം. 34/2011/ഭവനം നമ്പർ ഉത്തരവു പ്രകാരം മൈത്രി ഭവന പദ്ധതിയിൽപ്പെട്ട 39384 ഗുണഭോക്താക്കളുടെ വായ്പാകുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ട്. 07.02.2004 മുതൽ 31.03.2013 വരെ ദുർബല/താഴ്ന്ന/ഇടത്തര/ഉയർന്ന വിഭാഗക്കാർക്കും OTS ആനുകൂല്യം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | എങ്കിൽ അവ യഥാർത്ഥ ഗുണഭോക്താക്കൾക്കുതന്നെ കൃത്യമായി ലഭിക്കുവാനാവശ്യമായ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ